

THURSDAY 03.08.2023 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-03/08/2023.

1. ചിങ്ങം ഒന്നിന് കർഷകദിനാചരണത്തിന്റെ ഭാഗമായി ശ്രീകാര്യം സോണൽ കൃഷിഭവൻ പരിധിയിലുള്ള കർഷകരെ ആദരിക്കുന്നു. ജൈവകർഷകൻ, വനിത കർഷക, എസ്സി/ എസ്റ്റി വിഭാഗത്തിലെ കർഷകർ, മുതിർന്ന കർഷകൻ, വിദ്യാർത്ഥി കർഷകൻ എന്നീ കർഷകരെ ആദരിക്കും. അർഹരായ കർഷകർ ആഗസ്റ്റ് എഴിന് മുമ്പ് കൃഷിഭവനിൽ അപേക്ഷിക്കണമെന്ന് ശ്രീകാര്യം കൃഷി ആഫീസർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470176** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ -പഠന കേന്ദ്രം "സമ്പന്ന മാലിന്യം" എന്ന വിഷയത്തിൽ നടപ്പിലാക്കി വരുന്ന മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സിലേക്കുള്ള പുതിയ ബാച്ച് ഓഗസ്റ്റ് 18 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ് ഇതിലെ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. താൽപ്പര്യമുള്ളവർ ഓഗസ്റ്റ് 17 നകം ഈ കോഴ്സിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ കോഴ്സിൽ പേര് രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ഓഗസ്റ്റ് 18 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

3. പോത്തൻകോട് കൃഷിഭവനിൽ അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ സബ്സിഡി നിരക്കിൽ വിതരണത്തിനായി എത്തിയിട്ടുണ്ട്. ആവശ്യമുള്ള കർഷകർ 9447003709 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

4. കർഷകർക്ക് കുറഞ്ഞ ചെലവിൽ കാർഷികയന്ത്രങ്ങൾ സ്വന്തമാക്കാൻ സഹായിക്കുന്ന സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM) എന്ന പദ്ധതിയെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. സ്മാം പദ്ധതി സംബന്ധിച്ച കർഷകരുടെ സംശയങ്ങൾക്ക് കൃഷിവകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ ഇന്ന് രാവിലെ (ആഗസ്റ്റ് 03) 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ മറുപടി പറയും. കോൾ സെന്റർ നമ്പർ - 0481 2576622.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

5. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ 2023 ആഗസ്റ്റ് 09, 10 തീയതികളിൽ തീറ്റപ്പുൽകൃഷി സമഗ്ര പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർക്ക് 8113893159 / 8848997565 എന്നീ നമ്പരുകളിലേക്ക് whatsapp ചെയ്യുകയോ 0471-2501706 എന്ന നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആധാർ, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.

6. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് 07.08.2023 മുതൽ 11.08.2023 വരെ കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ **ക്ഷീരകർഷകർക്കായി ശാസ്ത്രീയ പശുപരിപാലനം** എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20/-രൂപ. ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് എന്നിവ പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലനപരിപാടിയിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ 03.08.2023ന് വൈകുന്നേരം 5 മണിക്ക് മുൻപായി നേരിട്ടോ dd-dtc-kkd.dairy@kerala.gov.in എന്ന ഇ മെയിൽ വിലാസത്തിലോ 0495- 2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. **കാർഷിക നിർദ്ദേശം** – പേരക്ക, കശുവണ്ടി, കൊക്കോ, അവക്കാഡോ, മുന്തിരി, മുരിങ്ങ, കുരുമുളക്, പുളി, വേപ്പ് എന്നിവയുടെ പ്രധാന കീടമാണ് തേയില കൊതുക്. ഈ കീടത്തിന്റെ നിംഫുകളും (ശൈശവ ദശ) മുതിർന്ന കൊതുകുകളും ഫലങ്ങളുടെ നീരുറ്റികുടിച്ച് ഫലത്തിന് പുറത്ത് വിള്ളലുകളും പാടുകളും രൂപപ്പെടുത്തുന്നു. ഇളം ഇലകളിലും തണ്ടുകളിലും ഫലങ്ങളിലും ആണ് ഇവ ആക്രമിക്കുന്നത്. ഇലകളും തണ്ടുകളും തവിട്ടു നിറം ആകുകയും ഫലങ്ങളുടെ ഉപരിതലത്തിൽ കറുത്ത കുമിളകൾ പോലുള്ള പാടുകൾ രൂപപ്പെടുകയും ചെയ്യുന്നു.

**നിയന്ത്രണ മാർഗങ്ങൾ** – കേടായ ചെടിയുടെ ഭാഗങ്ങൾ നശിപ്പിക്കുക. വിളകൾ വെട്ടിയൊതുക്കുന്നത് ഇലകളിൽ സൂര്യപ്രകാശം ഏൽക്കുന്നതിനും കീടാക്രമണം കുറയ്ക്കുന്നതിനും സഹായിക്കുന്നു. അടുത്തടുത്ത് നിൽക്കുന്ന വിളകളിലെ പഴങ്ങൾ ബാഗ് ചെയ്യുന്നത് തേയില കൊതുകുകളിൽ നിന്നും, ഫല ഈച്ചകളിൽ നിന്നും അവയെ സംരക്ഷിക്കാൻ സഹായിക്കുന്നു. ഒരു ഏക്കറിന് 40-50 മഞ്ഞ കെണികൾ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സ്ഥാപിക്കുക. പൂവിടുമ്പോൾ മുതൽ മാസത്തിലൊരിക്കൽ എക്കാലക്സ് 2 മില്ലിലിറ്റർ, ലാംഡ സൈഹാലോത്രിൻ 1 മി.ലി. ലിറ്റർ, വേപ്പ് അധിഷ്ഠിത കീടനാശിനി 2 മില്ലിലിറ്റർ എന്നിവ തളിക്കുന്നത് ഇവ മൂലമുള്ള കേടുപാടുകൾ കുറയ്ക്കുന്നതിന് സഹായിക്കുന്നു. കരിനൊച്ചിയുടെ ഇല സത്ത് 3%, മിനറൽ ഓയിൽ 5% എന്നിവ പുരട്ടുന്നത് ഈ കീടത്തെ നല്ല രീതിയിൽ നിയന്ത്രിക്കുന്നതിന് ഉതകുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം